## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5507 01.07.2019-ൽ മറുപടിക്ക്**

## പൊതുനൻമ ഫണ്ട് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.വി. ഇബ്രാഹിം** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകൾ അവരുടെ ലാഭത്തിന്റെ നിശ്ചിത വിഹിതം പൊതുനന്മ ഫണ്ടായി ഉപയോഗിക്കുന്നു എന്ന കാര്യം ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കാമോ; | (എ) | പ്രാഥമിക സഹകരണ സംഘത്തിന്റെ ലാഭത്തിൽ നിന്നും നിർബ്ബന്ധമായും വകയിരുത്തേണ്ട തുക കഴിച്ച് ബാക്കി വരുന്ന തുക സംഘത്തിന്റെ വാർഷിക പൊതുയോഗം കൂടി സംഘം നിയമാവലി പ്രകാരം വിഭജനം നടത്തി ലാഭത്തിന്റെ നിശ്ചിത വിഹിതം പൊതുനന്മ ഫണ്ടിലേയ്ക്ക് മാറ്റുന്നു. സഹകരണ നിയമം വകുപ്പ് 56(2)ഡി പ്രകാരം സഹകരണ ബാങ്കുകൾ അവയുടെ ലാഭത്തിന്റെ 10%ൽ അധികരിക്കാത്ത തുക പൊതുനന്മഫണ്ടിലേയ്ക്ക് വകമാറ്റാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സംഘം പൊതുനന്മ ഫണ്ടിലേയ്ക്ക് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം വകുപ്പുതല പരിശോധനയിലും ആഡിറ്റിലും ഉറപ്പു വരുത്താറുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകൾ 2016, 2017, 2018 വർഷങ്ങളിൽ ചെലവഴിച്ച പൊതുനന്മ ഫണ്ടുകൾ എത്രയെന്നും ഏതെല്ലാം പദ്ധതിക്കെന്നും വ്യക്തമാക്കാമോ; | (ബി) | പ്രാഥമികസഹകരണ ബാങ്കുകൾ 2016, 2017, 2018 വർഷങ്ങളിൽ ചെലവഴിച്ച പൊതു നന്മ ഫണ്ടുകളുടെ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സഹകരണ ബാങ്കിൽ ഭരണസമിതിയോഗം അംഗീകരിച്ച പൊതുനന്മ ഫണ്ട് പദ്ധതികൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് അംഗീകാരത്തിനായി നൽകിയിട്ട് | (സി) | നിയമാനുസൃതം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഒന്നും തന്നെ അനുമതി നൽകാതിരുന്നിട്ടില്ല. എന്നാൽ എറണാകുളം ജില്ലയിൽ 7 സഹകരണ സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും മലപ്പുറം ജില്ലയിൽ 2 സഹകരണ സംഘങ്ങളുടെ |

| | | | |
|---|---|---|---|
| | അനുമതി ലഭിക്കാതിരുന്നിട്ടുണ്ടോ; വിശദമാക്കാമോ; | | അപേക്ഷകളിലും ന്യൂനതകൾ ഉള്ളതിനാൽ അംഗീകാരം നല്കിയിട്ടില്ല. മറ്റു ജില്ലകളിൽ ഒന്നും തന്നെ ഇപ്രകാരം അനുമതി ലഭിക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രാഥമിക സഹകരണ ബാങ്കുകൾക്ക് അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ-മാരുടെ അനുമതി ഇല്ലാതെ പൊതുനന്മ ഫണ്ട് ചെലവഴിക്കാൻ സാധിക്കുമോ; നടപടിക്രമം വിശദമാക്കാമോ? | (ഡി) | പൊതുനന്മഫണ്ട് വിനിയോഗം സംബന്ധിച്ച് ഉപനിബന്ധന തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതും ഉപനിബന്ധനയ്ക്ക് വിധേയമായി ചെലവഴിക്കാവുന്നതുമാണ്. സഹകരണ നിയമത്തിലെ വകുപ്പ് **56(2)**ഡി പ്രകാരം സംഘത്തിന്റെ അറ്റലാഭത്തിൽ നിന്നും നീക്കി വെയ്ക്കുന്ന **10** ശതമാനത്തിൽ അധികരിക്കാത്ത തുക **1890**-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്റ്റ് സെക്ഷൻ **2** അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് സംഘം ഭരണസമിതി തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്. അതിനുപരിയായി തുക വിനിയോഗിക്കുന്നപക്ഷം ജോയിന്റ് രജിസ്ട്രാറിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| ജില്ല | തുക(രൂപ ക്രമത്തിൽ) | | | ചെലവഴിച്ച പദ്ധതികൾ |
|---|---|---|---|---|
| | 2016 | 2017 | 2018 | |
| തിരുവനന്തപുരം | 77,000 | 2,88,310 | 21,02,250 | സ്മാർട്ട് ക്ലാസ്റൂം, ചികിത്സാ സഹായം, എസ്.എസ്.എൽ.സി. അവാർഡ്, സ്കൂൾനിർമ്മാണം, വെള്ളപ്പൊക്ക ദുരിതാശ്വാസം, ലൈബ്രറി, ഓഖി, എൻ.എച്ച്.ൽ സി.സി.റ്റി.വി. സ്ഥാപിക്കുന്നതിന്, സി.എം.ഡി.ആർ.എഫ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പത്രം, പരിസ്ഥിതി ദിനാചരണം, വാനശാല തുടങ്ങിയവയ്ക്ക് |
| കൊല്ലം | 68,76,240 | 89,73,385 | 90,39,062 | കെയർഹോം, ഓഖി ദുരിതാശ്വാസം, ചികിത്സാ സഹായം, സ്മാർട്ട് ക്ലാസ് റൂം, വിദ്യാഭ്യാസ അവാർഡ്, കിണർ പുനരുദ്ധാരണം, ആമ്പുലൻസ് സർവ്വീസ് എന്നിവ |
| പത്തനംതിട്ട | 1,09,069 | 3,21,254 | 10,82,548 | വിദ്യാഭ്യാസ ചികിത്സാ സഹായം, ഓഖി ദുരിതാശ്വാസം, പ്രളയദുരിതാശ്വാസം |
| ആലപ്പുഴ | 6,93,225 | 9,00,289 | 71,84,059 | ആശുപത്രിയിൽ ബെഡ് സംഭാവന, ദുരിതാശ്വാസം, വിദ്യാഭ്യാസം, മരണാനന്തര സഹായം, നാഷണൽ സർവ്വീസ് സ്കീം, സ്കൂൾ പുനരുദ്ധാരണം, ഓഖി, പാലിയേറ്റീവ് കെയർ സൊസൈറ്റി, പ്രളയദുരിതാശ്വാസം, കുട്ടനാട് ഒരു കൈത്താങ്ങ് പദ്ധതി, ഹരിതം സഹകരണം, ഹെയർഹോം |
| കോട്ടയം | 51,01,736 | 83,98,624 | 1,56,20,105 | പ്രളയബാധിതരെസഹായിക്കുന്നതിന്, സിഎംഡിആർഎഫ്, കെയർഹോം, ഹരിതം സഹകരണം, ഓഖി, ചാരിറ്റബിൾ ട്രസ്റ്റുകൾക്കുള്ള സഹായം, ആംബുലൻസ് വാങ്ങുന്നതിന്, കോട്ടയം ജില്ലാ ഹോസ്പിറ്റൽ, ആയുർവേദ ഹോസ്പിറ്റൽ എന്നിവയ്ക്ക് ധനസഹായം |
| ഇടുക്കി | 10,45,505 | 18,43,108 | 40,39,712 | ചികിത്സാ സഹായം, ഓഖിഫണ്ട്, സിഎംഡിആർഎഫ്, കെയർ ഹോം, സൈനിക ക്ഷേമഫണ്ട്, പാടശേഖര സമിതി സംഭാവന, പോലീസ്റ്റേഷൻ കംപ്യൂട്ടർവത്ക്കരണം,കോ-ഓപ്പറേറ്റീവ് കോൺഗ്രസ്സ്, വെജിറ്റബിൾ പ്രൊമോഷൻ, സ്കൂൾ പഠനോപകരണങ്ങൾ |

| | | | | |
|---|---|---|---|---|
| എറണാകുളം | 1,16,87,177 | 1,60,82,494 | 3,47,18,636 | അപകട ഇൻഷ്വറൻസ്, സ്കൂൾ വിദ്യാർത്ഥികൾക്ക് ബാഗ്, കുട, സ്കോളർ ഷിപ്പ്, ചികിത്സാ സഹായം, ഹരിതം സഹകരണം, ഓഖി, കൃതി, ഡയാലിസിസ് യൂണിറ്റ്, സൈനിക വെൽഫയർ ഡൊണേഷൻ, മരണാനന്തര സഹായനിധി, ഉത്സവകാല ചന്തയുടെ നടത്തിപ്പ് |
| തൃശ്ശൂർ | 1,56,44,557 | 1,55,20,372 | 6,12,48,171 | നിർധനരോഗികൾക്ക് സഹായം, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സഹായം, മെഡിക്കൽ ക്യാപ്, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ്, വാനശലയിലേയ്ക്ക് പുസ്തകം, ഹരിതം സഹകരണം, ഓഖി, പ്രളയാനന്തര പുനർനിർമ്മാണം |
| പാലക്കാട് | 57,37,572 | 37,05,158 | 1,13,70,368 | പൊതുജനാരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, ഓഖി, പാലിയേറ്റീവ് കെയർ, സി.എം.ഡി.ആർ.എഫ്, കെയർഹോം, കൃതി, ഐക്യാമ്പ്, ചികിത്സാ സഹായം, ഹരിതം സഹകരണം |
| മലപ്പുറം | 1,31,12,601 | 1,36,11,900 | 3,23,99,054 | സിഎംഡിആർഎഫ്, ഹരിതം സഹകരണം, ഗവൺമെന്റ് ഹൈസ്കൂളിന്കുടിവെള്ള സൗകര്യം, ക്ലാസ്സ് റൂം, ഓഖി, ചികിത്സാ സഹായം, എസ്.എസ്.എൽ.സി, +2 അവാർഡ് വിതരണം, കെയർഹോം, ആംബുലൻസ്, മൊബൈൽ മേർച്ചറി എന്നിവയ്ക്ക് റിബേറ്റ് അനുവദിക്കുന്നതിന്, കർഷകരെ ആദരിക്കൽ |
| കോഴിക്കോട് | 59,59,666 | 70,80,036 | 1,93,04,473 | കുടിവെള്ള വിതരണം, പഠനോപകരണ വിതരണം, സ്കൂളുകളിൽ ഫർണീച്ചർ, കംപ്യൂട്ടർ, കെയർഹോം, ഓഖി, ഭക്ഷണ വിതരണ പദ്ധതി |
| വയനാട് | 4,54,435.67 | 17,64,404.67 | 31,68,177 | ഓഖി,സി.എം.ഡിആർഎഫ്, എസ് എസ്.എൽ.സി. +2 അവാർഡ്, പുസ്തകോത്സവം, ചികിത്സാസഹായം, പെയിൻ & പാലിയേറ്റീവ്, |
| കണ്ണൂർ | 86,03,580 | 92,12,371 | 1,98,35,735 | സാംസ്കാരിക സ്ഥാപനങ്ങൾക്ക് സഹായം, വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്ക് സഹായം, ചികിത്സാ സഹായം, സിഎംഡിആർഎഫ്, എസ്.എസ്.എൽ.സി, +2 വിജയികൾക്ക് അനുമോദനം, ബസ് ഷെൽട്ടർ നിർമ്മാണം |

| | | | | |
|---|---|---|---|---|
| കാസർഗോഡ് | 30,99,535 | 6,99,260 | 54,83,510 | പൊതുവിദ്യാലയം, പി.എച്ച് സി, ഗ്രന്ഥ ശാല, പാലിയേറ്റീവ് കെയർ, ചികിത്സാ സഹായം, പച്ചക്കറി കൃഷി, എസ്.എസ്.എൽ.സി, +2 അവാർഡ് ഒഖി, സിഎംഡിആർഎഫ്. |
| **ആകെ** | 7,82,01,898.67 | 8,84,00,965.67 | 22,65,95,860 | |

സെക്ഷൻ ഓഫീസർ.